# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2257      09.03.2018-ൽ മറുപടിക്ക്

## ആദിവാസികളുടെ ക്ഷേമം നിരീക്ഷിക്കുന്നതിന് ഫീൽഡ് ലെവൽ ഉദ്യോഗസ്ഥർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ആദിവാസികളുടെ ക്ഷേമം നിരീക്ഷിക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ ഫീൽഡ് ലെവൽ ഉദ്യോഗസ്ഥന്മാർ ഉണ്ടോ; എങ്കിൽ ഇവരുടെ തസ്തികകളും ചുമതലകളും എന്തെന്നുള്ള വിശദമായ വിവരം ലഭ്യമാക്കുമോ; | എ) | ആദിവാസികളുടെ ക്ഷേമം അന്വേഷിക്കുന്നതിന് പട്ടിക വർഗ്ഗ വികസന വകുപ്പിൽ ഫീൽഡ്തല ഉദ്യോഗസ്ഥർ ഉണ്ട്. ജില്ലകളിൽ ഐ.ടി.ഡി പ്രോജക്ട് ഓഫീസർമാരുടെയും, പട്ടികവർഗ വികസന ആഫീസർമാരുടെയും കീഴിൽ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ തസ്തികയിലുള്ള ഉദ്യോഗസ്ഥരാണ് ഫീൽഡ് തല ഉദ്യോഗസ്ഥർ. ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാരുടെ പ്രധാന ചുമതലകൾ ചുവടെ ചേർക്കുന്നു.<br>• ട്രൈബൽ എക്സ്റ്റൻഷൻ ആഫീസിന്റെ പരിധിയിലുള്ള ഊരുകളുടെ അടിസ്ഥാന സ്ഥിതിവിവര കണക്ക് അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കുക.<br>• ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ ആഴ്ചയിൽ 3 ദിവസം മുഴുവൻ സമയവും ആഫീസിൽ ഉണ്ടായിരിക്കുന്നതാണ്. ഈ വിവരം ആഫീസിന് പുറത്ത് എഴുതി പ്രദർശിപ്പിക്കണം. മുൻകൂർ യാത്രാ പരിപാടി ആഫീസിന് പുറത്ത് പ്രദർശിപ്പിച്ച് ഔദ്യോഗിക യാത്രാ വിവരണവും എഴുതി പ്രദർശിപ്പിക്കണം.<br>• ആഫീസിൽ ഹാജരാകേണ്ടതില്ലാത്ത ആഴ്ചയിലെ മറ്റ് 3 ദിവസങ്ങൾ അധികാര പരിധിയിലുള്ള വകുപ്പിന്റെ സ്ഥാപനങ്ങൾ/ കോളനികൾ/സെറ്റിൽമെന്റുകൾ/ഊരുകൾ/ പുനരധിവാസ മേഖലകൾ എന്നിവ സന്ദർശിക്കേണ്ടതും അവിടങ്ങളിലെ അടിസ്ഥാന പ്രശ്നങ്ങൾ കണ്ടറിഞ്ഞ് അനന്തരനടപടികൾ കൈക്കൊള്ളേണ്ടതുമാണ്.<br>• ആഫീസിലും ഫീൽഡ് സന്ദർശന വേളയിലും ലഭിക്കുന്ന പരാതികൾ/നിവേദനങ്ങൾ |

| | | | |
|---|---|---|---|
| | | | എന്നിവ സംബന്ധിച്ച് പ്രാഥമികാന്വേഷണം നടത്തി മേലാഫീസിലേക്ക് ആവശ്യമായ റിപ്പോർട്ടും നിർദ്ദേശങ്ങളും നൽകേണ്ടതാണ്.<br>• വകുപ്പിൻ കീഴിലെ സ്ഥാപനങ്ങൾ ഉദാ: ഹോസ്റ്റലുകൾ/നഴ്സറി സ്കൂൾ/ട്രെയിനിംഗ് സെന്ററുകൾ/ബാലവിജ്ഞാന കേന്ദ്രങ്ങൾ എന്നിവ സന്ദർശിച്ച് സന്ദർശന റിപ്പോർട്ട് മേലാഫീസിലേക്ക് അയച്ചുനൽകി ആവശ്യമായ നടപടികൾ സ്വീകരിക്കുക.<br>• പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ വാരാന്ത്യ യോഗം എല്ലാ ശനിയാഴ്ചയിലും ട്രൈബൽ എക്സ്റ്റൻഷൻ ആഫീസിൽ വിളിച്ച് ചേർക്കേണ്ടതും കോളനി/സെറ്റിൽമെന്റ് സ്ഥിതിവിവരം വിലയിരുത്തേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രൊമോട്ടർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി നിലവിലെ പ്രവർത്തനങ്ങൾ മുൻകൂട്ടി കണ്ടറിഞ്ഞ് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.<br>• ആഫീസ് മാനേജ്മെന്റ് ട്രെയിനികൾക്ക് വേണ്ടത്ര പരിശീലനം നൽകുക.<br>• ഊരുകൂട്ടയോഗങ്ങൾ നിയമാനുസരണം നിശ്ചിത സമയത്തു തന്നെ നിയന്ത്രണ ഉദ്യോഗസ്ഥന്റെ മുൻകൂട്ടിയുള്ള അറിവോടെ നടത്തേണ്ടതും അവയുടെ മിനുട്സ് സൂക്ഷിക്കേണ്ടതുമാണ്.<br>• ഹോസ്റ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുക, നിശ്ചിത കാലയളവിൽ യോഗങ്ങൾ ചേരുക<br>• സമീപത്ത് വിദ്യാലയങ്ങളില്ലാത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിലെ 5-14 പ്രായത്തിലുള്ള മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികളെയും പ്രീമെട്രിക് ഹോസ്റ്റലുകളിൽ പ്രവേശനം നൽകി സ്കൂൾ വിദ്യാഭ്യാസം ഉറപ്പ് വരുത്തുക.<br>• ത്രിതല പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പട്ടികവർഗ്ഗ ഉപപദ്ധതികളുടെ ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് തല നിർവ്വഹണ ഉദ്യോഗസ്ഥൻ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ ആയതിനാൽ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ട്രൈബൽ എക്സ്റ്റൻഷൻ ആഫീസറുടെ സേവനം പഞ്ചായത്തുകളിലും ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്തുകൾ വഴിയുള്ള പട്ടികവർഗ്ഗ പദ്ധതി രൂപീകരണവും, നിർവ്വഹണവും ബന്ധപ്പെട്ട ബ്ലോക്ക്/ ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് |

| | | | |
|---|---|---|---|
| | | | ഏറ്റെടുത്ത് നടത്തേണ്ടതുമാണ്.<br>• വകുപ്പ്/ത്രിതല പഞ്ചായത്തുകൾ മുഖേന നടത്തുന്ന ഭവന നിർമ്മാണ പദ്ധതികളിൽ നിർവ്വഹണ ഘട്ടങ്ങൾ യഥാസമയം പരിശോധിച്ച് നിയമാനുസരണം സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകേണ്ടതും അനുവദിക്കുന്ന വീടുകളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പ് വരുത്തേണ്ടതുമാണ്.<br>• പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം യഥാസമയം നടത്തുക.<br>• സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതിന് നടപടി സ്വീകരിക്കുക<br>• എം.ആർ.എസ്/ആശ്രമം സ്കൂൾ പ്രവേശനത്തിന് അപേക്ഷാഫോറം നൽകുക. സ്കോളർഷിപ്പ് അപേക്ഷാഫോറം നൽകുക/ സ്വീകരിക്കുക എന്നതിന് സഹായിക്കുക<br>• വിവാഹ ധനസഹായം/മിശ്രവിവാഹ ധനസഹായം അപേക്ഷ നൽകുന്നതിന് സഹായിക്കുക<br>• ചികിത്സാ ധനസഹായം/റേഷൻ കാർഡിനുള്ള അപേക്ഷ നൽകുക എന്നതിന് സഹായിക്കൽ<br>• ത്രിതല പഞ്ചായത്ത് മുഖേന വിവിധ പദ്ധതികൾക്ക് ആനുകൂല്യങ്ങൾക്കുള്ള മറുപടി സമർപ്പിക്കുക<br>• വിവിധ പദ്ധതി നടത്തിപ്പുമായി യഥാസമയം വിനിയോഗ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ നൽകുക<br>• സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികൾക്കാവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിക്കുക<br>• പ്രകൃതിക്ഷോഭം, വന്യജീവികളുടെ ആക്രമണം, നിയമപരമല്ലാത്ത വനം വകുപ്പിന്റെ ഇടപെടലുകൾ/കുടിയൊഴിപ്പിക്കലുകൾ എന്നീ പ്രശ്നങ്ങളിൽ അടിയന്തിരമായി ഇടപെടുക<br>• അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് അടിയന്തിര സഹായം എത്തിക്കുക<br>• പട്ടികവർഗ്ഗ മേഖലയിൽ പ്രത്യേകമായി/ അസ്വാഭാവികമായി ശ്രദ്ധയിൽപ്പെടുന്ന ഏത് വിഷയവും മേലധികാരികൾ മുഖേന വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.<br>• സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പ്രയോജനം രോഗികൾക്ക് ലഭ്യമാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | പ്രൊമോട്ടർമാരുടെ സേവനം പ്രയോജന പ്പെടുത്തുക. പട്ടികവർഗ്ഗക്കാർക്കിടയിലെ ആരോഗ്യ പ്രശ്നം യഥാസമയം മേലാഫീസർക്ക് റിപ്പോർട്ട് ചെയ്യുക. |
| ബി) | ആദിവാസികൾക്ക് ഇത്തരം ഉദ്യോഗ സ്ഥരിൽ നിന്നും എന്തൊക്കെ സേവനങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ബി) | ട്രൈബൽ എക്സ്റ്റൻഷൻ ആഫീസുകൾ ട്രൈബൽ മേഖല കേന്ദ്രീകരിച്ചാണ് പ്രധാനമായും പ്രവർത്തിക്കുന്നത്. ആയതിനാൽ ആദിവാസി സമൂഹത്തിന് വളരെ വേഗം എത്തിച്ചേരുന്നതിനും ആവശ്യകതകൾ വകുപ്പിന് കൈമാറുന്നതിനും സാധിക്കുന്നതിലൂടെ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസുകൾ പ്രധാനമായ പങ്ക് വഹിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളെല്ലാം തന്നെ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ മുഖേനയാണ് നടപ്പാക്കിവരുന്നത്. ആദിവാസികൾക്ക് അവരുടെ അപേക്ഷകളും പരാതികളും നിവേദനങ്ങളും ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ സെറ്റിൽമെന്റിൽ വരുന്ന വേളയിൽ നേരിട്ട് സമർപ്പിക്കാവുന്നതും ആയതിന് അടിയന്തിര സഹായം കൈപ്പറ്റാവുന്നതുമാണ്.<br>• ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ മാരുടെ ഔദ്യോഗിക കാര്യങ്ങളിൽ സഹായിക്കുന്നതിന് നിയമിച്ചിട്ടുള്ള പ്രൊമോട്ടർമാർ മുഖേന ഏതൊരു അടിയന്തിര സാഹചര്യവും ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ആഫീസറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ആദിവാസി കൾക്ക് സാധിക്കുന്നു. ഏറെയും ടി പ്രൊമോട്ടർമാർ ബന്ധപ്പെട്ട ഊരുകളിൽ നിന്നും നിയമിതരായവരായിരിക്കും.<br>• ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ മുഖേന ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതർ അടങ്ങുന്ന ഊരുകൂട്ടങ്ങൾ ഊരിലെ എല്ലാവർക്കും പങ്കെടുക്കുന്നതിനും തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടികയിൽ മുൻഗണനാക്രമത്തിൽ അർഹരായവരുടെ പട്ടികയിൽ ഉൾക്കൊള്ളിക്കുന്നതിനും സാധിക്കുന്നു.<br>• അടിയന്തിര ചികിത്സാ ധനസഹായം ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ മുഖേന ഗുണഭോക്താക്കൾക്ക് നേരിട്ട് ലഭ്യമാകുന്നു.<br>• വകുപ്പ്/ത്രിതല പഞ്ചായത്തുകൾ മുഖേന നടപ്പാക്കുന്ന ഭവനപദ്ധതികളുടെ വിവിധ ഘട്ടങ്ങളിലെ സ്റ്റേജ് നില പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നത് ട്രൈബൽ |

| | | | |
|---|---|---|---|
| | | | എക്സ്റ്റൻഷൻ ആഫീസർമാരാണ്.<br>• വിവിധ തലങ്ങളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും അഭ്യസ്തവിദ്യർക്കും ഏത് ഘട്ടത്തിലും വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് വിവിധ സഹായ പദ്ധതികൾ/ സ്കോളർഷിപ്പ് എന്നിവ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനും ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ മുഖേന സാധ്യമാകുന്നു.<br>• സർക്കാരിതര വകുപ്പിലേക്ക് സമർപ്പിക്കേണ്ട വിവിധ അപേക്ഷകൾ തയ്യാറാക്കുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാരുടെ സേവനം പ്രയോജനപ്പെടുന്നു.<br>• പ്രകൃതിക്ഷോഭം, വന്യജീവി ആക്രമണം, മഴക്കാലക്കെടുതി, പകർച്ചാവ്യാധി എന്നിവ സംബന്ധിച്ച അപേക്ഷകൾക്ക് ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാരുടെ അടിയന്തിര സേവനം കോളനികളിൽ ലഭ്യമാകുന്നു.<br>• അതിക്രമത്തിനിരയാകുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ അടിയന്തിര സഹായം ലഭ്യമാക്കുന്നു. |

**സെക്ഷൻ ഓഫീസർ**